12

# അബീഗയിൽ

## നന്നായി മനസ്സിലാക്കുന്ന ഒരു സ്ത്രീ

## (25:14- 42)

"ഒരു കപ്പൽ - പാശത്തെക്കാൾ അധികം ഒരു സ്ത്രീയുടെ മുടിക്ക് വലിക്കുവാൻ കഴിയും" എന്ന് ഒരു ജെർമ്മൻ പഴമൊഴി പറയുന്നത് സമൂഹത്തിലെ സ്ത്രീയുടെ സ്വാധീനത്തെക്കുറിച്ചാണ്. ഈ പഴഞ്ചൊ ല്ലിന് യോജിക്കുന്ന സ്ത്രീയാണ് സ്നേഹമുള്ള അബീഗയിൽ. അവളുടെ മാതാപിതാക്കളെ കുറിച്ച് അല്ലെങ്കിൽ വംശാവലിയെ കുറിച്ച്, തിരുവെഴുത്തിൽ നിന്നും നമുക്ക് ഒന്നും പഠിക്കുവാൻ കഴിയുന്നില്ല. ദൈവീക സ്വാധീനത്തിൻകീഴിൽ അവൾ വളർന്നിരിക്കും, കാരണം അവൾ യഹോവയോട് ബന്ധപ്പെട്ട് വളരെ നല്ല ഭക്തിയോടെ ജീവിച്ചിരുന്നു.

അവളെ കുറിച്ച് ഈ വസ്തുതകൾ 1 ശമുവേലിൽ നിന്ന് നമുക്ക് മനസ്സിലാക്കാം: അവളുടെ പേരിന്റെ അർത്ഥം "സന്തോഷകാരണം" എന്നും അവളുടെ പൊതുവായ ബാഹ്യസ്വഭാവത്തിലും മറ്റുള്ളവരോടുള്ള സ്വാധീനത്തിലും അതു പ്രകടമായി കാണാമായിരുന്നു. അവൾ വിവാഹം കഴിച്ചത് ഒരു ഭയങ്കര മനുഷ്യനെയായിരുന്നു. ആ ബന്ധം ഒരുപക്ഷെ അവൾ തിരഞ്ഞെടുത്തതായിരിക്കുകയില്ല കാരണം അന്നത്തെ പാരമ്പര്യ ആചാര പ്രകാരം പിതാവ് തിരഞ്ഞെടുക്കുന്നവൻ ആരായാലും സ്വീകരിപ്പാൻ ഒരു പെൺകുട്ടി നിർബ്ബന്ധിതയായിരുന്നു. അവൾ "ബുദ്ധിമതിയും സുന്ദരിയും" ആയിരുന്നു (25:3). അത്തരം യോജിപ്പിനെ ബാഹ്യമായ സൗന്ദര്യത്തിൽ മാത്രം ശ്രദ്ധിക്കുകയും ബുദ്ധിശക്തിയെ അവഗണിക്കുകയും ചെയ്യുന്ന ഇന്നത്തെ ധാരാളം സ്ത്രീകൾ പലപ്പോഴും കണ്ടില്ലെന്ന് നടിക്കുകയാണ്! ഇവളെ കൂടാതെ വേറെ മൂന്നു സ്ത്രീകളെ മാത്രമേ ബൈബിളിൽ "സൗന്ദര്യം" ഉള്ളവരായി പറയുന്നുള്ളൂ (സാറാ, വസ്ഥി, ബേത്ശേബാ). അബീഗയിലിൽ നാം ശാരീരിക സൗന്ദര്യവും നന്മയും ആന്തരിക കൃപയും ഉയർന്നു കാണുന്നു (ഒ.വാ. സങ്കീർത്തനങ്ങൾ 45:13). ദാവീദിന്റെ എട്ട് ഭാര്യമാരിൽ ഒരാളായി അവൾ മാറി; മറ്റുള്ളവർ മീഖൾ (1 ശമുവേൽ 18:27), ബേത്ശേബാ (2 ശമുവേൽ 12:24), അഹീനോം, മാഖാ, ഹഗ്ഗിത്, അബീദൽ, എഗ്ലാ എന്നിവരാണ് (2 ശമുവേൽ 3:2-5). ഒരുപക്ഷെ ഈ എട്ടുപേരിൽ, അബീഗയിൽ ആയിരിക്കാം ദാവീദിന്റെ ജീവിതത്തിലെ വലിയ നന്മയുടെ ഉറവിടം.

1 ശമുവേൽ 25:3, 14–42 ൽ അതിശയകരമായ ഒരു സ്ത്രീയെ നമുക്ക് പരിചയപ്പെടുത്തി തരുന്നു. അബീഗയിലിന്റെ കഥ ദാവീദിൽ ഉള്ളതുപോലെ അവളുടെ കഥ ഇന്നു വായിക്കുന്ന എല്ലാവരിലും മായ്ക്കുവാൻ പറ്റാത്ത സ്വാധീനം അവശേഷിപ്പിക്കുന്നു. ഈ അത്ഭുത സ്ത്രീയെ വീക്ഷിച്ചശേഷം, ദാവീദിന്റെ അവളോടുള്ള അനുമോദനവും പ്രതിപത്തിയും നിങ്ങൾക്ക് എളുപ്പം ഗ്രഹിക്കുവാൻ കഴിയും.

**അവളുടെ ചരിത്രം**

അബീഗയിലിന്റെ കഥയെ നാം കാണുന്നത് ദുഃഖപര്യവസായിയായ വികാരങ്ങൾ നിറഞ്ഞ – നന്ദിയില്ലായ്മ, നിഗളം, കാഠിന്യം, വെറുപ്പ്, കൈപ്പ്, കോപം, മൗഢ്യവാക്കുകൾ എന്നിവയുള്ള ഒരു ഭാഗത്തിലാണ്. ആ ഇരുണ്ട സ്ഥിതിയിൽ, അബീഗയിലിന്റെ സാന്നിദ്ധ്യം മങ്ങിപ്പോകാത്ത ഒരു പ്രകാശ ബിന്ദുവാണ്. ദാവീദിന്റെ സംഘം നാബാലിന്റെ ആട്ടിൻകൂട്ടത്തെ കാക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. ഇത് ഒരു ഔദാര്യ സേവനവും ശമ്പളം കൂടാതെ ചെയ്തതും ആയിരുന്നു. അതിനു പകരമായി മൂഢനായിരുന്ന നാബാൽ ഭോഷത്വപരമായും പരുഷമായിട്ടുമായിരുന്നു ദാവീദിനോടു പെരുമാറിയത് (25:3). ദാവീദിനെ പരസ്യമായി തരം താഴ്ത്തിയതിന് നാബാലിന്റെ ഭവനത്തിന്റെ രക്തമായിരുന്നു വില കൊടുക്കേണ്ടി വന്നത് (25:22). ആ സ്ഥിതിയിൽ സംഭവിച്ചത് കയ്പ്പേറിയ യുദ്ധവും രക്തച്ചൊരിച്ചിലും ആയിരുന്നു.

വികാരം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ, അബീഗയിൽ മുന്നിട്ടിറങ്ങുകയും ദാവീദിനെ സന്തോഷിപ്പിക്കുകയും ചെയ്തു (25:18 മുതൽ). അവൾ ദാവീദിനോട് എളിയ ക്ഷമാപണം നടത്തുകയും ഉദാരമായ സമ്മാനം നല്കുകയും ചെയ്തു. ദാവീദിന്റെ ഉള്ളിലെ പ്രതികാര വാഞ്ഛയെ ഇല്ലാതാക്കിയത് അവളുടെ പ്രേരണ നിമിത്തമായിരുന്നു. അവൾ ദാവീദിനെ ആശ്വസിപ്പിച്ച ശേഷം, വീട്ടിൽ നാബാലിന്റെ അടുക്കലേക്ക് തിരിച്ചുപോയി, കാരണം അവൾ ഒരു ഭക്തിയുള്ള ഭാര്യയും വിലയില്ലാത്ത പങ്കാളിയെ സംരക്ഷിക്കുന്നവളും ആയിരുന്നു. അവൾ വിശ്വസ്തത പുലർത്താമെന്ന് പ്രതിജ്ഞ എടുത്ത പുരുഷനുമായി അവൾ തുടർന്നും ജീവിച്ചുവന്നു.

നാബാലിന്റെ മരണശേഷം ദാവീദ് അബീഗയിലിനെ ഭാര്യയാക്കാൻ തീരുമാനിച്ചു (25:39). അബീഗയിൽ ദാവീദിന്റെ ഭാര്യയായും ദാവീദിന്റെ മകന്റെ അമ്മയായും അങ്ങനെ സന്തോഷവതിയായി (2 ശമുവേൽ 3:3; 1 ദിനവൃത്താന്തം 3:1). അബീഗയിൽ തന്റെ ശേഷിച്ച കാലമത്രയും ദാവീദിനോടൊപ്പം ജീവിച്ചു. ദാവീദ് അബീഗയിലിൽ നിന്നും ആലോചനയും നല്ല നിർദ്ദേശവും സ്വീകരിച്ചു എന്നത് ഊഹിക്കുവാൻ പ്രയാസമില്ല അങ്ങനെ അവൾ വിലയുള്ള ഒരു പങ്കാളിയാണെന്നു തെളിയിച്ചു (25:33).

**അവളുടെ ഗുണങ്ങൾ**

അബീഗയിലിന്റെ ജീവിതത്തിൽ നാം കാണുന്ന സ്വഭാവ ഗുണങ്ങൾ ഇന്നത്തെ സ്ത്രീകൾക്ക് അനുകരിക്കാവുന്ന മാതൃകയാണ്.

*അവൾ ബഹുമാനിക്കപ്പെട്ടിരുന്നു (25:17).* നാബാൽ ദാവീദിനെ നിന്ദിച്ചത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അവൾക്കറിയാം എന്ന് ദാസന്മാർ

മനസ്സിലാക്കിയിരുന്നു. അവളുടെ വിവേകത്തെയും അഭിപ്രായത്തെയും ദാസന്മാർ മാനിച്ചിരുന്നു (25:35).

*കോപം ശമിപ്പിക്കുവാൻ അവൾക്കു കഴിഞ്ഞിരുന്നു (25:33, 35).* മിക്ക വാറും, നാബാലിന്റെ പരുഷ സ്വഭാവത്തിന് അവൾ മാപ്പിരന്നത് ഇത് ആദ്യ സംഭവമായിരുന്നില്ല. അവൾ പലപ്പോഴും ഒരു സമാധാനകാംക്ഷിയായി പ്രവർത്തിച്ചു എന്നതിന് സംശയമില്ല. ദാവീദിന്റെ അമർഷം ഇല്ലാതാക്കുവാൻ അവൾ വിവേകവും ജ്ഞാനവും ഉപയോഗിച്ചു.

*അവൾക്കു ദൈവത്തിൽ വലിയ വിശ്വാസം ഉണ്ടായിരുന്നു (25:26 മുതൽ.).* ദൈവത്തോടുകൂടി ആയിരുന്ന സ്ത്രീകളിൽ ഒരാളായിട്ടാണ് അവളെ പറയുന്നത്. അവൾ കുഴപ്പം പിടിച്ച വിവാഹ ബന്ധത്തിലായിരുന്നെങ്കിലും അവളുടെ വിശ്വാസവും ആശ്രയവും അവളെ ഒരു വിശുദ്ധയായി നിലനിർത്തിയിരുന്നു. അവൾ ദാവീദിനോടു സംസാരിച്ചപ്പോൾ, അവളുടെ വിശ്വാസം ജീവിക്കുന്നതും പ്രായോഗികവുമാണെന്ന് അവളുടെ വാക്കുകൾ വെളിപ്പെടുത്തി. 25:26, 27–ൽ, തന്റെ പ്രാർത്ഥനയുടെ ഫലമായി ദൈവം നല്കിയതാണ് ഈ സമ്മാനം എന്നു വിവരിക്കുന്ന പ്രയോഗങ്ങളാണ് അവൾ ഉപയോഗിച്ചത്. ആഹാരം ലഭിച്ചപ്പോൾ ദൈവത്തിന്റെ ധർമ്മോപകാരത്തെയാണ് അവൾ കണ്ടത്.

*അവൾ ഉറപ്പും നിശ്ചയവും ഉള്ളവളായിരുന്നു (25:18 മുതൽ.).* സന്ദർഭം അടിയന്തിരവും, അവൾ നീങ്ങിയത് നിശ്ചയകരമായ രീതിയിലുമാണ്. എന്തു ചെയ്യണമെന്ന് അവൾ മനസ്സിലാക്കുകയും ഏറ്റവും നന്നായി പ്രവർത്തിക്കുകയും ചെയ്തു. അവൾ ദാവീദിനെ സമീപിച്ചപ്പോൾ, അവൾ അന്നത്തെ ആചാരമനുസരിച്ചാണെങ്കിലും, അവളുടെ പ്രവൃത്തി ശരിയായി തന്നെ ചെയ്യുവാൻ തീരുമാനിച്ചു (25:24). അവൾ ദാവീദിനോട് അവൻ ചെയ്ത തെറ്റു ബോധ്യപ്പെടുത്തുവാനും മടിച്ചില്ല. പിന്നീട് അവൾ നാബാലിനോടു സംസാരിച്ചപ്പോൾ, അവന്റെ *ഭോഷ്ക്കിനെ* അവൾ നേരിടുക തന്നെ ചെയ്തു (25:37).

*അവൾ തന്റെ ഭവനത്തിന്റെ സുരക്ഷിതത്വം കാത്തു (25:31).* അബീഗയിലിന്, അവളുടെ മുഖ്യ പരിഗണന കുടുംബത്തിന്റെ സുരക്ഷിതത്വം ആയിരുന്നു. ആ സുരക്ഷിതത്വത്തിനുവേണ്ടി ആവശ്യമുള്ളതെല്ലാം അവൾ ചെയ്തു.

*അവൾ സൗമ്യതയും താഴ്മയും ഉള്ളവളായിരുന്നു (25:41, 44).* അവൾ ദാവീദിനെ സമീപിച്ചപ്പോൾ ഉറപ്പുള്ളവളും, എന്നാൽ താഴ്മയുള്ളവളും ആയിരുന്നു. കുപിതനായ ദാവീദിനോടുള്ള അവളുടെ സംഭാഷണത്തിൽ മുഴുവനും താഴ്മ നിറഞ്ഞു നിന്നിരുന്നു. ഈ രംഗത്തിൽ നമുക്ക് 1 പത്രൊസ് 3:2–4 ന്റെ ഒരു മനോഹര ചിത്രീകരണം നൽകുന്നു:

> ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം - തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല; സൗമ്യതയും സാവധാനവും ഉള്ള മനസ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ, നിഗൂഢ മനുഷ്യൻ തന്നെ ആയിരിക്കേണം, അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.

*അവൾ ആരുമായും ബന്ധപ്പെട്ടുവോ അവർക്കെല്ലാം അവൾ അനുഗ്രഹം ആയിരുന്നു (25:32).* അവൾ ദാവീദിനെ കണ്ടതു മുതൽ ദാവീദിന്റെ ജീവിതം അന്വർത്ഥവും ഉദ്ദേശമുള്ളതുമായി തീർന്നതായി തോന്നുന്നു. അബീഗയിലിനെ കണ്ടുമുട്ടുന്ന ആർക്കും ദാവീദിന്റെ വൈകാരികത എളുപ്പം മനസ്സിലാകും.

*അവൾ ഒരു കരുണയുള്ളവളും അതിഥി സൽക്കാരപ്രിയയുമായിരുന്നു (25:4).* ആടുകളുടെ രോമം കത്രിക്കൽ ആഘോഷവും ആഹ്ലാദവും ജനിപ്പിച്ചിരുന്നു. അത്തരം ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ പ്രയാസവും പരിശ്രമം ഉള്ളതും ആകുന്നു. എന്നാൽ അബീഗെയിൽ തന്റെ പതിവു പണി സ്വീകരിക്കയും അതു നന്നായി ചെയ്യുകയും ചെയ്തു.

ഈ അത്ഭുത ഗുണങ്ങളാണ് ആ സുന്ദരിയും ബുദ്ധിമതിയുമായ സ്ത്രീയെ ആ ക്രൂര മനുഷ്യനിൽ നിന്ന് വ്യത്യസ്തയായി നിർത്തിയത്. അവൾ "ഉള്ളിൽ എല്ലാം മഹത്വപൂർണ്ണം" ഉള്ളവൾ ആയിരുന്നു (സങ്കീർത്തനങ്ങൾ 45:13).

**അവളുടെ വെല്ലുവിളികൾ**

അവളുടെ മാതൃകയിൽ, അബീഗയിൽ ആധുനിക സ്ത്രീകൾക്ക് മൂന്നു വെല്ലുവിളികൾ നൽകുകയും അവരെ അവ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

ആദ്യം, അവൾ സ്ത്രീകൾക്ക് നൽകുന്ന വെല്ലുവിളി സ്ത്രീയുടെ മനോഭാവവും സാന്നിധ്യവും എല്ലാവർക്കും അനുഗ്രഹപ്രദമാകണം എന്നാണ്. അബീഗയിൽ എന്ന പേരിന്റെ അർത്ഥം "സന്തോഷകാരണം," എന്നാണ് അത് മറ്റുള്ളവരുമായുള്ള അവളുടെ ബന്ധത്തിന് യോജിക്കുന്നതുമാണ്. അവളുടെ പേർ സൂചിപ്പിക്കുന്നത് അവൾക്ക് പ്രകാശമുള്ള, സന്തോഷം കൊണ്ടുവരാൻ കഴിയുന്ന, ആകർഷണീയ വ്യക്തിത്വം ഉണ്ടായിരുന്നു എന്നാണ്. അവൾ ഒരു മുറിയിലേക്കു ചെന്നാൽ എല്ലാം മാറി പ്രകാശമാനമാകും! അവൾ പോകുന്നിടത്തെല്ലാം സൂര്യൻ പ്രകാശിച്ചു, പക്ഷികൾ പാടി, പുഞ്ചിരികൾ വിരിഞ്ഞു! അവളുടെ സാന്നിധ്യം അനുഗ്രഹമായിരുന്നു കാരണം സന്തോഷം അവളുടെ കൂടെ സ്ഥിരമായി ഉണ്ടായിരുന്നു (25:32).

ദേഷ്യവും ശുണ്ഠിയും ശമിപ്പിക്കുവാനുള്ള അവളുടെ കഴിവ് ഒരു അനുഗ്രഹമായിരുന്നു. ശാന്തമായ വാക്കുകളും സമാധാനമനോഭാവവും കൊണ്ട് അവൾ ദാവീദിനെ ശമിപ്പിച്ചു. "അവൾക്ക് കലങ്ങിയ വെള്ളത്തിൽ എണ്ണ ഒഴിക്കുവാൻ" കഴിഞ്ഞിരുന്നു (25:33; സെഖര്യാവ് 8:19; 1 പത്രൊസ് 3:11). സദൃശവാക്യം പറയുന്നു, "ദോഷം നിരൂപിക്കുന്നവരുടെ ഹൃദയത്തിൽ ചതിവ് ഉണ്ട്, സമാധാനം ആലോചിക്കുന്നവർക്കോ സന്തോഷം ഉണ്ട്" (12:20) "തക്കസമയത്ത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങ പോലെ" (25:11).

അവൾ മറ്റുള്ളവരെ സഹായിച്ച് ജീവിതത്തിന് അർത്ഥവും ഉദ്ദേശവും കണ്ടെത്തുവാൻ ഇടയാക്കുന്നതുകൊണ്ട് അവൾ ഒരു അനുഗ്രഹം ആയിരുന്നു. ദാവീദ് ദൈവത്തിന്റെ അഭിഷിക്തനാണെന്ന് അവൾ അവനെ ഓർപ്പിച്ചു. അവൾ പറഞ്ഞു, "അടിയന്റെ കുറ്റം ക്ഷമിക്കേണമേ; യഹോവ യജമാനന്ന് സ്ഥിരമായ ഒരു ഭവനം പണിയും, യഹോവയുടെ യുദ്ധങ്ങളെയല്ലോ യജമാനൻ നടത്തുന്നത്, ..." (25:28). ദാവീദ് ദൈവത്തിന്റെ കരുതലിലും

സ്നേഹത്തിലുമാണെന്നും അവൾ അവനെ ഓർപ്പിച്ചു (25:30). ഒരുപക്ഷെ പിൽക്കാലത്ത് അവൾ ദാവീദിനെ ക്ഷമയും നിയന്ത്രണവും ശീലിപ്പിച്ചിരിക്കാം. അവൾ ദാവീദിനെ മാത്രമല്ല മറ്റു പലരെയും കൂടുതൽ സഹായിച്ചിരുന്നു. അവൾ എവിടെയായിരുന്നാലും മറ്റുള്ളവരെ സഹായിക്കുന്ന വലിയ സേവനം അവൾ നടത്തിയിരുന്നു!

രണ്ട്, ജീവിതത്തിൽ വിശ്വാസം സൂക്ഷിക്കേണ്ട വെല്ലുവിളിയാണ് അവൾ സ്ത്രീകൾക്കു നൽകുന്നത്! അബീഗയിലിന്റെ സൗന്ദര്യത്തിന്റെ ഒരു ഘടകം – വിശ്വാസം ആയിരുന്നു! അവളുടെ ഔദാര്യവും സൗമ്യതയും, കരുതലും സഹതാപവും, കൃപയും ആകർഷണശക്തിയും എല്ലാം അവൾക്കുള്ള ദൈവവിശ്വാസത്തിൽനിന്നുത്ഭവിച്ചതാണ് (25:26–31)

അബീഗയിലിന്റെ വിശ്വാസം ഇന്നു സ്ത്രീകൾ അനുകരിക്കുകയാണെങ്കിൽ, അവർ പറഞ്ഞറിയിക്കുവാൻ പറ്റാത്ത അനുഗ്രഹങ്ങളുടെ ഉറവിടമാകും. അബീഗയിലിന്റെ ജീവിതത്തിൽ അവൾ വിശ്വാസത്തെ സൂക്ഷിച്ചതുപോലെ സ്ത്രീകളേ, നിങ്ങളുടെ ജീവിതത്തിലും വിശ്വാസത്തെ സൂക്ഷിക്കുക!

മൂന്ന്, ജീവിതത്തിലുണ്ടാകുന്ന മിക്ക കഠിന പരീക്ഷണങ്ങളെയും എതിർത്ത് അതിനെ അതിജീവിക്കുവാൻ കഴിയുന്ന ദൈവത്തിലുള്ള സന്തോഷം കൈവരിക്കുവാനും അവൾ സ്ത്രീകൾക്കു വെല്ലുവിളി നല്കുന്നുണ്ട്! അബീഗയിലിന്റെ വിവാഹജീവിതവും കുടുംബജീവിതവും എറ്റവും മോശമായിരുന്നു! സന്തോഷവും സമാധാനവും അവൾക്കു ലഭിച്ചിരുന്നില്ല, “മര്യാദയില്ലാത്ത ഭർത്താവിൽ” നിന്നും അവൾക്ക് എപ്പോഴും ദുഃഖം മാത്രമാണ് ലഭിച്ചത്. മദ്യപാനിയും ദൈവഭയമില്ലാത്തവനും നിർവ്വികാരനുമായ ഒരാളോടൊപ്പമെന്നപോലെയായിരുന്നു അവൾ. അവന്റെ ദുഷിച്ച വഴികളെ ബോധ്യപ്പെടുത്തുകയും അവന്റെ ഗർവ്വിനു നിരന്തരമായി മാപ്പിരക്കുകയും വേണ്ടിവന്നിരുന്നു. എങ്കിലും അവൾ വിശുദ്ധയായിത്തന്നെ നിലകൊണ്ടു!

ചില ക്രിസ്തീയ സ്ത്രീകൾ ഇതേ വെല്ലുവിളി നേരിടുന്നുണ്ട്. അവർ ഓരോ ദിവസവും കഴിയുന്നത് നാബേലിനെപ്പോലെയുള്ള ഭർത്താക്കന്മാരുള്ള വീടുകളിലാണ്. അവർ പിറുപിറുക്കാത്തവരും ധൈര്യവതികളുമാണ്. അവരുടെ ഭർത്താക്കന്മാർ പരുഷവും പ്രാകൃതവുമായ സ്വഭാവക്കാരാണെങ്കിലും അവർ ദൈവത്തോടു വിശ്വസ്തരായി നിലകൊള്ളുന്നു. ആ വെല്ലുവിളി അത്ര എളുപ്പമല്ല. സ്ത്രീകളേ, നിങ്ങളുടെ വീടുകളിൽ “നാബാൽ” മാരുള്ളതുകൊണ്ടു, സഹിക്കുവാനാകാതെ വിട്ടുപൊയ്ക്കളയാമെന്നു ഒരിക്കലും വിചാരിക്കരുത്! ദൈവഭക്തയായ അബീഗയിലിനെ ഓർത്തുകൊൾക.

### ഉപസംഹാരം

ശാരീരികമായ അർത്ഥത്തിൽ മാത്രമല്ല അബീഗയിൽ സൗന്ദര്യമുള്ളവളായിരുന്നതു, എന്നാൽ പ്രധാനമായും അതു അവളുടെ സ്വഭാവത്താലും വിശ്വാസത്താലും ഉണ്ടായതാണ്. വെല്ലുവിളിയിലും അവൾ സമചിത്തത പാലിച്ചു; കുപിതഹൃദയത്തെ അവൾ ശമിപ്പിക്കുകയും ക്രുദ്ധനായ മദ്യപാനിയെ ശാസിക്കയും ചെയ്തിരുന്നു. അവൾക്ക് ശക്തി ലഭിച്ചത്, അവളുടെ ദൈവവിശ്വാസത്തിൽ നിന്നായിരുന്നു!

സ്ത്രീകളേ, നിങ്ങളുടെ ജീവിതത്തിൽ ഈ ചിന്തകൾ ശ്രദ്ധയോടെ പ്രായോഗികമാക്കുക. നിങ്ങളുടെ സ്വാധീനം മറ്റുള്ളവർക്കു വിശ്വാസവും,

ലക്ഷ്യവും, സമാധാനവും ഉണ്ടാക്കുന്ന വിധത്തിൽ ഉപയോഗിക്കുവാൻ തീരുമാനിക്കുക. ''അബീഗയിൽ'' എന്ന പേർ സ്വയം മനസ്സിൽ സ്വീകരിച്ചുകൊണ്ട് നിങ്ങൾ ഈ ലോകത്തിൽ ''സന്തോഷകാരണം'' ആയിത്തീരട്ടെ!